## പതിമൂന്നാം കേരള നിയമസഭ
### എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1779 — 25.03.2013-ൽ മറുപടിക്ക്

## ബിവറേജസ് കോർപ്പറേഷന്റെ സാമൂഹികപ്രതിബദ്ധത

**ചോദ്യം**

ശ്രീ.പാലോട് രവി
ശ്രീ.ബെന്നി ബെഹനാൻ
ശ്രീ.ജോസഫ് വാഴക്കൻ
ശ്രീ.കെ.ശിവദാസൻ നായർ

**ഉത്തരം**

ശ്രീ.കെ.ബാബു
(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പു മന്ത്രി)

---

(എ) ബിവറേജസ് കോർപ്പറേഷൻ സാമൂഹികപ്രതിബദ്ധതയുടെ ഭാഗമായി എന്തെല്ലാം കർമ്മപരിപാടികളാണു നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്;

(എ) സർക്കാർ നിർദ്ദേശമനുസരിച്ച്, കേരള സംസ്ഥാന ബിവറേജസ് കോർപ്പറേഷന്റെ സാമൂഹിക പ്രതിബദ്ധതയുടെ ഭാഗമായി, 2012-13 സാമ്പത്തിക വർഷത്തേക്ക് 3.50 കോടി രൂപ, ഡീ-അഡിക്ഷൻ സെന്ററുകൾക്ക് സാമ്പത്തിക സഹായം നല്കുന്നതിനുവേണ്ടി മാറ്റിവച്ചിട്ടുണ്ട്.

(ബി) സർക്കാരിതരസംഘടന നടത്തുന്ന ഡീ-അഡിക്ഷൻ കേന്ദ്രങ്ങൾക്ക് എന്തെല്ലാം സഹായമാണ് ഇതിലൂടെ നൽകാനുദ്ദേശിക്കുന്നത്;

(ബി) സർക്കാർ നിയോഗിച്ച കമ്മിറ്റിയുടെ മാർഗ്ഗനിർദ്ദേശങ്ങൾക്കും ശുപാർശകൾക്കുമനുസരിച്ചുള്ള കർമ്മപരിപാടികൾക്ക്, സർക്കാരിന്റെ തീരുമാന പ്രകാരം, സർക്കാരിതര സംഘടനകൾക്കും സാമ്പത്തിക സഹായം നല്കുന്നതാണ്.

(സി) ഇതിനായി എന്തെല്ലാം പ്രാരംഭ നടപടികളാണു കൈക്കൊണ്ടിട്ടുള്ളത്; വിശദമാക്കുമോ?

(സി) ഇതിനായി, സർക്കാർ ഉത്തരവ് പ്രകാരം, താഴെപ്പറയുന്ന ജില്ലാതല കമ്മിറ്റിയും സംസ്ഥാനതല കമ്മിറ്റിയും രൂപീകരിച്ചിട്ടുണ്ട്.

**സംസ്ഥാനതല കമ്മിറ്റി**

| | | |
|---|---|---|
| ചെയർമാൻ | : | എക്സൈസ് കമ്മീഷണർ |
| കൺവീനർ | : | മാനേജിംഗ് ഡയറക്ടർ, കെ.എസ്.ബി.സി. |
| മെമ്പർ | : | സാമൂഹ്യനീതി വകുപ്പ് ഡയറക്ടർ |

**ജില്ലാതല കമ്മിറ്റി**

| | | |
|---|---|---|
| കൺവീനർ | : | അതാത് ജില്ലാ ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർ. |
| മെമ്പർമാർ | : | ജില്ലാ കളക്ടർ, ജില്ലാ സാമൂഹികക്ഷേമ ഓഫീസർ, സർക്കാർ നിർദ്ദേശിക്കുന്ന സാമൂഹിക പ്രവർത്തകർ. |

സെക്ഷൻ ഓഫീസർ.